കോൺട്രാക്ട് ലേബർ (റഗുലേഷൻ ആൻഡ് അബോളിഷൻ) റൂൾസ്'' 1974-ലെ കേരള അഗ്രിക്കൾച്ചറൽ വർക്കേഴ്സ് ആക്ട്'' എന്നിവയിലും സ്ത്രീ തൊഴിലാളികളുടെ ക്ഷേമത്തിന് നിരവധി വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ നിയമങ്ങളിലെ സ്ത്രീ തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനായുള്ള വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വേണ്ടി സർക്കാർ നിയമിച്ചിട്ടുള്ള ഇൻസ്പെക്ടർമാർ കാലാകാലങ്ങളിൽ വിവിധ സ്ഥാപനങ്ങൾ പരിശോധിക്കുകയും നിയമ നിഷേധം നടത്തുന്ന തൊഴിലുടമകൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ അവലംബിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ 9 ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ പരാതികളും ആവലാതികളും കേട്ട് പരിഹരിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. അതുപോലെ തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള 12 ക്ഷേമ പദ്ധതികളിൽ സ്ത്രീ തൊഴിലാളികൾക്കും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

(ബി) 1979-ലെ ഇൻറർ സ്റേറ്റ് മൈഗ്രൻറ് വർക്കുമെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെൻറ് ആൻറ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട് പ്രകാരം കേരളത്തിൽ നിന്ന് അന്യ സംസ്ഥാനങ്ങളിൽ കൊണ്ടുപോയി ജോലി ചെയ്യിക്കുന്ന സ്ത്രീ തൊഴിലാളികളെ ചൂഷണത്തിൽ നിന്ന് സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന ലേബർ കമ്മീഷണറുടെ ഓഫീസിലെ ജോയിൻറ് ലേബർ കമ്മീഷണർ (ഇ) യെയും എറണാകുളം ജില്ലാ ലേബർ ഓഫീസർ (ഇ) യെയും നോഡൽ ഓഫീസർമാരായി നിയമിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഏർപ്പെടുത്തിയതുമൂലം തൊഴിൽ നഷ്ടപ്പെട്ടവർ

39. [1820] ശ്രീ. വി. വി. രാഘവൻ :
,, കെ ഇ. ഇസ്മയിൽ :
,, പി. രാജു :
,, കെ. പ്രകാശ്ബാബു :
,, സി. കെ. ചന്ദ്രപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം ലോഡ് ഷെഡ്ഡിംഗും പവർകട്ടും ഏർപ്പെടുത്തിയതുമൂലം താൽക്കാലികമായിട്ടും അല്ലാതെയും തൊഴിൽ നഷ്ടപ്പെട്ടവരുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെട്ടവർ ഓരോ ജില്ലയിലും എത്ര വീതമുണ്ടെന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്കു ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	ഇല്ല
കൊല്ലം	91
ആലപ്പുഴ	518
കോട്ടയം	250
ഇടുക്കി	വിവരം ശേഖരിച്ചു വരുന്നു.
പത്തനംതിട്ട	ഇല്ല
എറണാകുളം	1030
തൃശ്ശൂർ	ഇല്ല
പാലക്കാട്	ഇല്ല
കോഴിക്കോട്	1071
വയനാട്	ഇല്ല
മലപ്പുറം	വിവരം ശേഖരിച്ചു വരുന്നു.
കണ്ണൂർ	ഇല്ല
കാസർകോട്	ഇല്ല

വ്രജക്കല്ല് മേഖലയിലെ തൊഴിലാളികൾ

40. [1821] ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വസ്ഥാനത്ത് വ്രജക്കല്ല് ഉരയ്ക്കുന്ന മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് സർക്കാർ എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത മേഖലയിൽ പണിയെടുക്കുന്ന എത്ര തൊഴിലാളികൾ സംസ്ഥാനത്തുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഏതാണ്ട് 15000-ത്തോളം പേർ ഈ മേഖലയിൽ ജോലി ചെയ്യുന്നു എന്നാണ് റേഡിയേഷൻ കമ്മീഷൻ റിപ്പോർട്ട് സൂചിപ്പിക്കുന്നത്.

സ്വർണ്ണാഭരണ നിർമ്മാണ മേഖലയിൽ യന്ത്രവൽക്കരണം

41. [1822] ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വർണ്ണാഭരണ നിർമ്മാണ മേഖലയിൽ യന്ത്രവൽക്കരണം മൂലം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly